# STD - IV

## അദ്ധ്യാപക സഹായി

## വിശുദ്ധ കുർബാന

## പാഠം - നാല്  ക്രിസ്തുവിന്റെ ബലി  ഭാഗം - ഒന്ന്

### ലക്ഷ്യം

നമ്മുടെ രക്ഷയ്ക്കുവേണ്ടി യേശു കുരിശിൽ ബലിയായ് തീർന്നതുപോലെ മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ജീവിക്കുമ്പോഴാണ് നാം യേശുവിന്റെ ബലിയിൽ പങ്കുകാരാവുന്നത്. ദൈവത്തിന്റെ ഹിതം നിറവേറ്റാൻ ഞാൻ മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ത്യാഗമനുഷ്ഠിക്കുകയും ജീവിക്കുകയും ചെയ്യും.

### പഠനസഹായികൾ

* വചനം - യോഹ. 15:13, യോഹ. 3:16, ഫിലി. 2:8
* യൂട്യൂബ് - വീഡിയോ മാക്സിമില്യൻ കോൾബേ
* ജീവൻ രക്ഷിച്ച് ധീരതയ്ക്കുള്ള അവാർഡ് കരസ്ഥമാക്കിയ കുട്ടികളെക്കുറിച്ചുള്ള പത്രവാർത്തകൾ (റിപ്പബ്ലിക് ഡേ ദിനം)

### പാഠത്തിന്റെ ഉള്ളടക്കം:

* സ്നേഹിതനുവേണ്ടി ഒരാൾക്കു കൊടുക്കാവുന്ന ഏറ്റവും വലിയ സമ്മാനമാണ് സ്വന്തം ജീവൻതന്നെ നൽകുന്നത്.
* സ്വന്തം ജീവൻ കൊടുത്ത് സഹോദരസ്നേഹം പ്രകടിപ്പിച്ച വിശുദ്ധ മാക്സിമില്യൻ കോൾബേ
* മനുഷ്യകുലത്തിനു മുഴുവൻ വേണ്ടി ജീവാർപ്പണം നടത്താൻ മനുഷ്യർക്കാർക്കും സാധ്യമല്ല; ദൈവത്തിനുമാത്രമേ അതിനു കഴിയൂ.
* തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.
* കുരിശിൽ ജീവൻ ബലിയർപ്പിച്ചുകൊണ്ട് യേശു ദൈവപിതാവിന്റെ ഹിതം നിറവേറ്റി
* മരണംവരെ - കുരിശുമരണംവരെ യേശു അനുസരണയോടെ തന്നെത്തന്നെ താഴ്ത്തി ലോകത്തെ രക്ഷിച്ചു

### പ്രാർത്ഥന

സ്നേഹിതനുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് ഞങ്ങളെ പഠിപ്പിച്ച യേശുനാഥാ മറ്റുള്ളവർക്ക് നന്മ ചെയ്തു ജീവിക്കാനുള്ള അനുഗ്രഹം ഞങ്ങൾക്കു തന്നരുളണമേ.

## ചോദ്യങ്ങൾ

1. സ്നേഹിതനുവേണ്ടി ഒരാൾക്കു കൊടുക്കാവുന്ന ഏറ്റവും വലിയ സമ്മാനം എന്ത്?
2. സ്വജീവൻ കൊടുത്ത് സഹോദരസ്നേഹം പ്രകടിപ്പിച്ച വിശുദ്ധനാര്?
3. എന്തുകൊണ്ടാണ് തന്റെ ഏകജാതനെ ദൈവം ഈ ലോകത്തിലേക്കയച്ചത്?
4. ഏറ്റവും വലിയ സ്നേഹം എന്താണ്?
5. യേശുവിന്റെ കാൽവരിയിലെ ബലി എന്തിന്റെ അടയാളമാണ്?

# STD - IV

## അദ്ധ്യാപക സഹായി

## വിശുദ്ധ കുർബാന

## പാഠം - നാല് ക്രിസ്തുവിന്റെ ബലി ഭാഗം - രണ്ട്

### ലക്ഷ്യം

കുരിശുമരണം വഴി സാധ്യമാകുന്ന പാപമോചനവും ദൈവിക ജീവനും എല്ലാക്കാലത്തുമുള്ള മനുഷ്യർക്കും ലഭിക്കണമെന്ന് യേശു ആഗ്രഹിച്ചു. അതിനായി അന്ത്യ അത്താഴവേളയിൽ അവിടുന്ന് പരിശുദ്ധകുർബാന സ്ഥാപിച്ചു.

അനുദിനം ദിവ്യബലിയിൽ പങ്കെടുത്തുകൊണ്ട്, മറ്റുള്ളവർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയും അവരെ സഹായിക്കുകയും ചെയ്യും.

### പഠനസഹായികൾ

* അന്ത്യഅത്താഴത്തിന്റെ ചിത്രം
* വചനം - മത്താ. 26:26-28
* ബലിപീഠം, ദിവ്യബലിയിൽ ഉപയോഗിക്കുന്ന പൂജ്യവസ്തുക്കൾ ചിത്രം/നേരിട്ട് കുട്ടികളെ കാണിച്ചുകൊടുക്കുന്നു.
* അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കുന്ന വീഡിയോ - യൂട്യൂബ്

### പാഠത്തിന്റെ ഉള്ളടക്കം:

* മനുഷ്യകുലത്തിന്റെ രക്ഷ സാധ്യമായത് യേശു കുരിശിൽ സ്വയം ബലിയായിത്തീർന്നതിലൂടെയാണ്
* പരിശുദ്ധ കുർബാനയുടെ സ്ഥാപനം
* യേശുവിന്റെ ഓർമ്മയ്ക്കായി അർപ്പിക്കുന്ന അനുദിന ദിവ്യബലി
* ദിവ്യകാരുണ്യ കൂദാശയുടെ സത്താപരമായ അടയാളങ്ങൾ
* ദിവ്യബലിയിൽ കാർമ്മികത്വം വഹിക്കുന്ന വൈദികൻ
* കുർബാന എന്ന വാക്കിന്റെ അർത്ഥം
* ബലിയർപ്പണത്തിന്റെ ഫലങ്ങൾ
* അബ്രാഹമിന്റെ ബലിയർപ്പണം
* പഴയനിയമ ബലിയുടെ ലക്ഷ്യം
* ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുന്നതിനു മുമ്പ് സഹോദരനോടു രമ്യപ്പെടുവാൻ പറഞ്ഞ വചനം - മത്താ. 5:23-24

## പ്രാർത്ഥന

കുരിശിൽ ബലിയായിത്തീർന്ന് ലോകത്തെ രക്ഷിച്ച യേശുനാഥ, മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുന്നതിലൂടെ അങ്ങേ ബലിയിൽ ഞങ്ങളെയും പങ്കുകാരാക്കണമേ, ആമ്മേൻ

## ചോദ്യങ്ങൾ

1. പരിശുദ്ധകുർബാന സ്ഥാപിച്ചതാര്?
2. ദിവ്യകാരുണ്യ കൂദാശയുടെ സത്താപരമായ അടയാളങ്ങൾ ഏതെല്ലാം?
3. ബലിയർപ്പണത്തിന്റെ ഫലങ്ങൾ എന്തെല്ലാം?
4. പഴയനിയമ ബലിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം?
5. എന്തിനാണ് യേശു പരിശുദ്ധകുർബാന സ്ഥാപിച്ചത്?